# കുന്നരു എ യു പി സ്കൂൾ

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

## ആമുഖം

കുന്നരു ഗ്രാമത്തിന്റെ വിദ്യാഭ്യാസ-കലാ-സാംസ്കാരിക രംഗങ്ങളിൽ നവോഥാനത്തിനു സജീവ പങ്കുവഹിച്ച കുന്നരു എയ്ഡഡ് യു പി സ്കൂൾ 95 വർഷം പിന്നിടുകയാണ്.ഈ വിദ്യാലയത്തിന്റെ ചരിത്രം പതിറ്റാണ്ടുകൾക്ക് മുൻപ് നിലനിന്നിരുന്ന ഗുരുകുലങ്ങളിൽ തുടങ്ങി ആധുനിക കാലത്ത് കേരളം വിദ്യാഭ്യാസ ചട്ടമനുസരിച്ചുള്ള ഒരു വിദ്യാഭ്യാസ സ്ഥാപനമായി മാറിയിരിക്കുന്ന അവസ്ഥവരെ നീണ്ടുനിൽക്കുന്ന ഒന്നാണ്.

ആദ്യകാല അധ്യാപകരുടെയും പൂർവ്വ വിദ്യാർത്ഥികളുടെയും ഓർമകളിൽ നിന്നും ചികഞ്ഞെടുത്ത ചില ചിന്തകൾ മാത്രമാണ് അക്കാര്യത്തിൽ വസ്തുതയെങ്കിലും അവ പൂർണത തേടാനുള്ള അപൂർണ ബിന്ദുക്കളായി തീർന്നു.

സ്കൂൾ സ്ഥാപകനെന്ന് ചൂണ്ടി കാണിക്കാവുന്നത് ശ്രീ നാരായണൻ തിരുമുമ്പ് എന്ന ബഹുമാന്യ വ്യക്തിയെയാണ്.ഇദ്ദേഹം തന്നെയായിരുന്നു പ്രധാന അധ്യാപകനും,മേനേജരും.ഇദ്ദേഹത്തിന് സർക്കാരിൽ ജോലി ലഭിച്ചതിനാൽ ശ്രീ ടി വി **ചന്തു** നായർ ക്ക് സ്കൂളിന്റെ നടത്തിപ്പും ഉടമസ്ഥാവകാശവും കൈമാറി.ഇത് 1930 ജനുവരി 14 നു ആണ്. ഈ സമയത്ത് സ്കൂൾ പ്രവർത്തിച്ചത് കാരന്താട് പടിഞ്ഞാറ് ഭാഗത്തായിരുന്നു.

പൊതുവിദ്യാഭ്യാസം സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ നിരവധിയായ

അക്കാദമിക - അക്കാദമികേതര പ്രവർത്തനങ്ങൾ നടന്നുവരികയാണ്.
കുന്നരു എ യു പി സ്കൂളിലും ഇതിനോടകം നിരവധി പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ് . കണ്ണൂർ ജില്ലയിലെ മികച്ച വിദ്യാലയങ്ങളിൽ ഒന്നാണ് നമ്മുടെ വിദ്യാലയം.കലാ-കായിക പ്രവർത്തി പരിചയ മേഖലകളിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്.ആധുനിക സൗകര്യങ്ങളോട് കൂടിയ ഐ ടി ലാബുകൾ ,മികച്ച ലൈബ്രറി ,ആധുനിക സംവിധാനങ്ങളുള്ള ഹൈടെക് ക്ലാസ് മുറികൾ.ഇവയെല്ലാം സ്കൂളിന്റെ അക്കാദമിക മുന്നേറ്റത്തിന് മുതൽക്കൂട്ടാണ്.

**2025-26** അധ്യയന വർഷം സമഗ്ര ഗുണമേന്മ വിദ്യാലയ വികസന പദ്ധതിയിൽ മുൻ നിർത്തി അക്കാദമിക മികവുണ്ടാക്കാൻ ആവിശ്യമായ പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്.മുഴുവൻ വിദ്യാർത്ഥികൾക്കും തുല്യതയിൽ ഊന്നിയുള്ള ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പുവരുത്തുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.അതിനാവശ്യമായ പ്രവർത്തനങ്ങളാണ് ഈ വർഷം വിഭാവനം ചെയ്തിട്ടുള്ളത്.

# പൊതുലക്ഷ്യങ്ങൾ

- ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കാൻ
- വായനാ നിലവാരം ഉയർത്തൽ
- ഇംഗ്ലീഷ് ഭാഷ പ്രയോഗ പ്രാവീണ്യം
- ഹിന്ദി ഭാഷ പ്രയോഗ പ്രാവീണ്യം
- ഗണിത ശേഷി വികസനം
- ശാസ്ത്രാഭിരുചി വളർത്തൽ
- വ്യക്തിത്വ വികസ പ്രവർത്തനങ്ങൾ
- സാമൂഹ്യബോധം വളർത്തൽ
- കമ്പ്യൂട്ടർ പഠന വൈദഗ്ദ്യം നേടൽ
- കായിക വിദ്യാഭ്യാസപ്രവർത്തന പരിശീലനങ്ങൾ
- ആധുനിക സാങ്കേതികവിദ്യാ സാധ്യതകൾ ഉൾപ്പെടുത്തി മെച്ചപ്പെട്ട പഠനാനുഭവങ്ങൾ കുട്ടികൾക്ക് ഉറപ്പുവരുത്തും

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വീക്ഷണം |
|---|---|---|---|---|
| സാഹിത്യ കൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂലന മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ ,അവതരണ മികവ്. | നൂറ് കുട്ടികളുടെ പുസ്തക പരിചയം | ജൂൺ-മാർച്ച് | മലയാളം അധ്യാപകർ | പി ടി എ |
| Expand vocabulary through reading and interactive activities. | ക്ലാസ് റൂം തീയറ്റർ - ഓരോ മാസവും ഓരോ സ്കിറ്റ് | അക്കാദമിക വർഷം | ഇംഗ്ലീഷ് അധ്യാപകർ | പി ടി എ |
| ഗണിതത്തിൽ പിന്നാക്കം നിൽക്കുന്നവരെ മുൻനിരയിലെത്തിക്കുന്നു | ഗണിത ക്ലിനിക് - എല്ലാ ക്ലാസ്സിലും ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നു. | എല്ലാ ദിവസവും ഇടവേളകളിൽ | ഗണിത അധ്യാപകരും സമർഥരായ കുട്ടികളും | ഗണിത ക്ലബ് പി ടി എ |
| ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ | നാടറിയാൻ - പഠനയാത്ര<br>വംശനാശ ഭീഷിണി | ജൂലൈ | ശാസ്ത്ര ക്ലബ് , സാമൂഹ്യ | സയൻസ് ക്ലബ് പി ടി |

| | | | | |
|---|---|---|---|---|
| നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ ,കാവുകൾ സന്ദർശനം,കണ്ടൽക്കാട് നിരീക്ഷണം ,പുഴയെ അറിയാൻ യാത്രകൾ | | ശാസ്ത്ര ക്ലബ് | എ |
| മലയാളം തെറ്റുകൂടാതെയും അക്ഷരസ്ഫുടതയോടെയും അനായാസമായി വായിക്കുവാൻ | സ്വതന്ത്ര വായന - 1,2 ക്ലാസ്സുകളിൽ | അധ്യയന വർഷം മുഴുവൻ | 1,2 ക്ലാസ്സുകളിലെ അധ്യാപകർ | പി ടി എ |
| ശാസ്ത്ര പ്രക്രിയാശേഷി വികസിപ്പിക്കുക,ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുക ശാസ്ത്ര ഉപകരണങ്ങൾ കൈകാര്യം | പരീക്ഷണ മൂല -യു പി ക്ലാസ്സുകളിൽ പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണ | ജൂൺ - മാർച്ച് | ശാസ്ത്ര ക്ലബ് ,ശാസ്ത്ര അധ്യാപകർ | പി ടി എ |

| | | | | |
|---|---|---|---|---|
| ചെയ്യാനുള്ള കഴിവ് | കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു. | | | |
| പഠിതാവിൽ അർത്ഥപൂർണമായ വായന ഉറപ്പു വരുത്തുക. | പ്രതിമാസ വാർത്ത ക്വിസ്<br>അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ,ക്ലാസ് ,സ്കൂൾ ലൈബ്രറി , പുസ്തകങ്ങൾ ,എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു . | പ്രതിമാസം | മലയാളം ക്ലബ് | പി ടി എ |